"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - കണ്ണൂരിലെ ചൊക്ലി, കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് പരിധിയിലെ റോഡുകളിലും 16.09.2022-ൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന- കുറ്റാരോപിതനായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ആനന്ദൻ പി.വി. (PEN-669754)-ക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1067/2026/LSGD തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-

1. വിജിലൻസ് (ഡി) വകുപ്പിന്റെ 06.02.2023-ലെ വിജി-ഡി2/320/2022-വിജി നമ്പർ കത്ത്.
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.11.2022-ലെ E17(SC-70/2022/KNR)39215/2022 നമ്പർ കത്ത്
3. 10.03.2023-ലെ EWA2/14/2023-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക.
4. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ആനന്ദൻ പി.വി. 06.07.2024 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.06.2025-ലെ LSGD/PD/40810/2023-VIGE2 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ചൊക്ലി, കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് പരിധിയിലെ റോഡുകളിലും 16.09.2022-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട് പരാമർശം (1), (2) എന്നിവ പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന ലഭ്യമാക്കുകയുണ്ടായി. മിന്നൽ പരിശോധനയിൽ വിജിലൻസ് ചുവടെ ചേർക്കുന്ന അപാകതകളാണ് കണ്ടെത്തിയത്.

i. 31.03.2022-ൽ മുഴുവൻ പ്രവൃത്തിയും പൂർത്തീകരിച്ച ചൊക്ലി ഗ്രാമ പഞ്ചായത്തിലെ കയ്യാലി പൂവുള്ളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡിൽ 9.0 മീറ്റർ നീളത്തിൽ വീൽ ട്രാക്കിൽ നിന്നും Seal coat-ന്റെ ചിപ്പ്സ് ഇളകിപ്പോയതായും 30 സെ.മീ. വലിപ്പത്തിൽ 3 സെ.മീ. താഴ്ചയുള്ള കുഴി രൂപപ്പെട്ടതായും 6.0 മീറ്റർ നീളത്തിൽ റോഡിന്റെ വലതുപകുതിയിലെ ചിപ്പ്സ് ഇളകിപ്പോയതായും കാണുന്നു. ഓവുചാലില്ലാത്തതും

ഇരുഭാഗത്തുമുള്ള സ്വകാര്യഭൂമിയേക്കാൾ താഴ്ന്ന നിരപ്പിലുള്ളതുമായ റോഡായതിനാൽ ഇരുഭാഗത്തുനിന്നുള്ള മഴവെള്ളം റോഡിലൂടെ ഒഴുകിയതായി മനസിലാക്കാവുന്നതാണ്.

ii. കയ്യാലി പൂവുള്ളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡ് റീ ടാറിംഗ് പ്രവൃത്തിയിൽ മേൽനോട്ടം വഹിച്ചത് എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ച് മുഖാന്തരം താൽക്കാലികമായി നിയമിതയായ ഓവർസിയറാണ്. പരിചയക്കുറവുള്ള ഉദ്യോഗസ്ഥയാണ് പ്രവൃത്തി മേൽനോട്ടത്തിന് ചുമതലപ്പെട്ടത് എന്ന നിലയിൽ എഞ്ചിനിയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ മേൽനോട്ടം കൃത്യമായും ഉണ്ടാകേണ്ട പ്രസ്തുത പ്രവൃത്തിയിൽ ആയത് ഉണ്ടായിട്ടില്ല.

iii. കയ്യാലി പൂവുള്ളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡ് റീ ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ച് 6 മാസത്തിനുള്ളിൽ വരുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമാണെന്നിരിക്കിലും വാറണ്ടി കാലാവധി അവസാനിക്കാൻ മിന്നൽപരിശോധനദിവസമായ 16.9.2022-ന് ശേഷം 14 ദിവസം മാത്രമെ ഉള്ളൂ എന്നിരിക്കിലും റോഡിൽ സംഭവിച്ച കേടുപാടുകൾ കണ്ടെത്തുന്നതിനോ ആയത് കരാറുകാരനെക്കൊണ്ട് ചെയ്യിക്കുന്നതിനോ യാതൊരു നടപടിയും അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിച്ചിട്ടില്ല.

iv. കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗുരുദേവ സ്മാരകം കിഴക്കുവയൽ റോഡ് റീടാറിംഗ് പ്രവൃത്തി 27.01.2021-ലെ എഗ്രിമെന്റ് പ്രകാരം 14,99,023/- രൂപയ്ക്ക് കരാറുകാരനെ ഏൽപ്പിച്ച പ്രവൃത്തി 18.03.2022-ലാണ് പൂർത്തീകരിച്ചത്. 700 മീറ്റർ നീളത്തിൽ റീ ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ച റോഡിൽ 0/436 to 0/439-ലെ കോൺക്രീറ്റ് ഡിപ്പിനു ശേഷം ടാറിംഗിന്റെ ഇടതുഭാഗത്ത് ഓവുചാലില്ലാത്തയിടത്ത് വെള്ളം കെട്ടിനിന്ന് റോഡിനടിയിലേക്ക് ഊർന്നിറങ്ങുന്നതായും ടാറിംഗിന്റെ ഒരു ചതുരശ്ര മീറ്റർ ഭാഗം ചെറിയ തോതിൽ അമർന്നു പോയതായും കാണാൻ സാധിച്ചു.

**2.** വാറണ്ടി കാലാവധി അവസാനിക്കാൻ മിന്നൽ പരിശോധന ദിവസമായ 16.9.2022-ന് ശേഷം 14 ദിവസം മാത്രമേ ഉള്ളു എന്നിരിക്കിലും റോഡിൽ സംഭവിച്ച കേടുപാടുകൾ കണ്ടെത്തുന്നതിനോ ആയത് കരാറുകാരനെക്കൊണ്ട് ചെയ്യിക്കുന്നതിനോ നടപടി സ്വീകരിക്കാത്ത അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ ലഘുവകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുവാൻ വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, കുറ്റാരോപിതനായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ആനന്ദൻ പി.വി.(PEN-669754)-ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിയ്ക്കുന്നതിനായുള്ള നടപടികൾ പരാമർശം 3 പ്രകാരം ആരംഭിച്ചു.

**3.** അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ആനന്ദൻ പി.വി., പ്രിൻസിപ്പൽ ഡയറക്ടർ മുഖേന ലഭ്യമാക്കിയ പരാമർശം 4 പ്രതിവാദപത്രികയിൽ ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു:-

i. കയ്യാലി പൂവുള്ളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡ് റീ ടാറിംഗ് പ്രവൃത്തി എസ്റ്റിമേറ്റിൽ Ch:103.000 മുതൽ Ch: 113.000 വരെയുള്ള ഭാഗത്ത് 10 മീറ്റർ നീളത്തിൽ തുറന്ന ഓവുചാൽ നിർമ്മിക്കുന്നതിന് ഉൾക്കൊള്ളിച്ചിരുന്നുവെങ്കിലും സ്ഥലപരിമിതിമൂലം ഓവുചാൽ നിർമ്മിക്കുന്നതിന് പകരം ടാറിങ്ങിന് ഇരുവശത്തും Berm Concreting

നടത്തുകയാണുണ്ടായത്. അനുവദിച്ച അടങ്കൽ തുകയായ അഞ്ച് ലക്ഷം രൂപയിൽ മാറ്റം വരാതെ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്.

ii. കാലവർഷം ശക്തമായതിനെത്തുടർന്ന്, ഇരുവശത്തുമുള്ള സ്വകാര്യഭൂമിയെക്കാൾ താഴ്ന്നനിരപ്പിലായ ടി റോഡിലൂടെ മഴവെള്ളം ശക്തിയായി ഒഴുകിയതിനാലാണ് റോഡിന്റെ സീൽകോട്ട് ചിപ്സ് ഇളകുവാൻ ഇടയായത് എന്ന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

iii. ചൊക്ലി പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതലയിലായിരിക്കുമ്പോൾ 11.09.2021 മുതൽ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടെ അധിക ചുമതല കൂടി ലഭിച്ചു. രണ്ട് പഞ്ചായത്തുകളിലുമായി വളരെയധികം ജോലിഭാരം ഉണ്ടായിരുന്നതിനാലാണ് കയ്യാലി പൂവുള്ളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡിൽ സംഭവിച്ച കേടുപാടുകൾ കണ്ടെത്തുന്നതിന് സാധിക്കാതിരുന്നത്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് വാർഡുമെമ്പറോ പൊതുജനങ്ങളോ യാതൊരു ആക്ഷേപവും ഉന്നയിച്ചിരുന്നുമില്ല.

iv. ഇതേ സെക്ഷനിൽ ഒന്നാം ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ. ടോമി ജേക്കബിന് അസിസ്റ്റന്റ് എൻജിനിയറായി സ്ഥാനക്കയറ്റം കിട്ടിയതിനെത്തുടർന്ന് ടിയാളുടെ അധികചുമതല ചൊക്ലി സെക്ഷനിലെ ഓവർസിയർ ശ്രീമതി മിനി ഇ.-ക്ക് കൈമാറിയിട്ടുള്ളതാണ്. ഓവർസിയർ ശ്രീ. ടോമി ജേക്കബ് വിട്ടുതൽ ചെയ്ത ഒഴിവിലേക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന ശ്രീമതി അപർണ നിയമിക്കപ്പെട്ടിരുന്നുവെങ്കിലും ടിയാൾക്ക് പരിചയക്കുറവുള്ളതിനാലും താൽക്കാലികജീവനക്കാരി ആയതിനാലും ഒരുവർക്കിന്റെയും പൂർണ്ണചുമതല ഓവർസിയർ ശ്രീമതി മിനി ഇ.-ൽ നിന്ന് കൈമാറി ഉത്തരവിറക്കിയിട്ടില്ല.

v. വിജിലൻസ് പരിശോധന നടത്തിയ ദിവസംതന്നെ കരാറുകാരന് നോട്ടീസ് നൽകുകയും പിന്നീട് കരാറുകാരൻ കേടുപാടുകൾ പരിഹരിക്കുകയും ചെയ്തു. റോഡിൽ വന്ന കേടുപാടുകൾക്ക് ആയിരം രൂപയിൽ താഴെയാണ് ഡിപ്പാർട്ട്മെൻറ് നിരക്ക് വരുന്നത്. എന്നാൽ കരാറുകാരന്റെ സെക്യൂരിറ്റി തുകയായ 13,400/- രൂപ അസിസ്റ്റന്റ് എൻജിനീയറുടെ അനുമതി കൂടാതെ കക്ഷിക്ക് ലഭിക്കുകയില്ല; സെക്യൂരിറ്റി തുക തിരികെ നൽകിയിട്ടില്ല.

vi. കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ ഗുരുദേവ സ്മാരകം-കിഴക്കുവയൽ റോഡിന്റെ പ്രവൃത്തി പൂർത്തീകരണത്തിന് ശേഷമാണ് കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിട്ടുള്ളത്.

4 . അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ആനന്ദൻ പി.വി.-യുടെ പ്രതിവാദപത്രിക പരിശോധിച്ച് പ്രിൻസിപ്പൽ ഡയറക്ടർലഭ്യമാക്കിയ പരാമർശം 5 പ്രകാരമുള്ള അഭിപ്രായം ചുവടെ ചേർക്കുന്നു:-

i. കയ്യാലി പൂവുള്ളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡിന്റെ ഇടതുഭാഗത്തായി ഉയർന്ന സ്ഥലത്തുനിന്നും ഒരു ഇടവഴി കാണാൻ കഴിഞ്ഞിട്ടുള്ളതും ശരാശരി 3 മീറ്റർ വീതിയുള്ള റോഡിന് ഓവുചാലുകൾ ഇല്ലെന്നും റോഡിനിരുവശവും ഉയർന്ന

വിതാനത്തിലുള്ള സ്വകാര്യ ഭൂമിയാണെന്നും ബോധ്യപ്പെട്ടു. ഇതിൽനിന്നും, കാലവർഷം ശക്തിയായതിനെത്തുടർന്ന് റോഡിലൂടെ വെള്ളം ശക്തിയായി ഒഴുകിയതിനാലാണ് റോഡിന്റെ സീൽ കോട്ട് ചിപ്സ് നേരിയ തോതിൽ ഇളകുവാൻ ഇടയായതെന്ന ശ്രീ. പി.വി. ആനന്ദന്റെ വാദത്തിൽ വസ്തുതയുണ്ടെന്ന് മനസ്സിലാകുന്നു.

ii. ഓവർസിയർ ശ്രീ. ടോമി ജേക്കബിന് അസിസ്റ്റന്റ് എൻജിനിയറായി സ്ഥാനക്കയറ്റം കിട്ടിയതിനെത്തുടർന്ന് ടിയാളുടെ അധികച്ചുമതല ചൊക്ലി സെക്ഷനിലെ ഓവർസിയർ ശ്രീമതി മിനി ഇ.-ക്ക് കൈമാറിയിട്ടുള്ളതാണ്. ശ്രീ. പി.വി. ആനന്ദൻ ചൊക്ലി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയറായതിന് ശേഷം താത്കാലിക ഓവർസിയർക്ക് പ്രവൃത്തിയുടെ ചുമതല ഏൽപ്പിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടില്ലെന്ന ടിയാളുടെ വാദം വസ്തുതാപരമാണ്.

iii. ഫയൽ പരിശോധിച്ചതിൽ, കയ്യാലി പൂവുള്ളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡിന്റെ അപാകത പരിഹരിക്കുന്നതിന് കരാറുകാരന് 16.09.2022-ൽ അറിയിപ്പ് നൽകിയതായും 10.10.2022-ൽ റോഡ് പൂർവ്വസ്ഥിതിയിലാക്കിയതായും സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകണമെന്ന കരാറുകാരന്റെ അപേക്ഷ സംബന്ധിച്ച്, വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ തത്കാലം സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടതില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിമാർക്സ് എഴുതിയതായും കണ്ടിട്ടുള്ളതാണ്. 6,700/- രൂപയുടെ ട്രഷറി ഡെപ്പോസിറ്റ്, അത്രയും തുകയുടെ ബാങ്ക് ഗ്യാരണ്ടി എന്നിവ ഫയലിൽ ഉള്ളതായി കണ്ടിട്ടുള്ളതാണ്.

iv. കയ്യാലി പൂവുള്ളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡിന്റെ സംരക്ഷണ കാലാവധി കഴിയുന്നതിന് മുൻപ് റോഡിൽ ഉണ്ടായിട്ടുള്ള അപാകതകൾ കരാറുകാരനെക്കൊണ്ട് കൃത്യമായി പരിഹരിച്ചതിനാലും രണ്ടുപഞ്ചായത്തുകളുടെ ചുമതല ഉണ്ടായിരുന്നതിനാലും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ആനന്ദൻ പി.വി.-യുടെ ഭാഗത്ത് ഇക്കാര്യത്തിലുണ്ടായ ജാഗ്രതക്കുറവ് ബോധപൂർവ്വമല്ലെന്ന് കരുതാവുന്നതാണ്.

v. കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ ഗുരുദേവ സ്മാരകം-കിഴക്കുവയൽ റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് ശ്രീ പി.വി ആനന്ദൻ കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിട്ടുള്ളത്.

5. വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ട്, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ആനന്ദൻ പി.വി.-യുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവ സർക്കാർ വിശദമായി പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്നവ ബോധ്യപ്പെടുന്നു:-

i. കയ്യാലി പൂവുളളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡിൽ ഓവുചാലില്ലാത്തതും ഇരുഭാഗത്തുമുള്ള സ്വകാര്യഭൂമിയേക്കാൾ താഴ്ന്ന നിരപ്പിലായ റോഡായതിനാലും ഇരുഭാഗത്തുനിന്നുള്ള മഴവെള്ളം റോഡിലൂടെ ഒഴുകിയതിനാലാണ് റോഡിന്റെ സീൽ കോട്ട് ചിപ്സ് നേരിയ തോതിൽ ഇളകുവാൻ ഇടയായത് എന്ന് കാണുന്നു.

ii. കയ്യാലി പൂവുള്ളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡ് റീ ടാറിംഗ് പ്രവൃത്തി സമയത്ത് ഓവർസിയർ ശ്രീമതി മിനി ഇ.-ക്ക് ചുമതലയുണ്ടായിരുന്നു. താത്കാലിക ഓവർസിയർക്ക് പ്രവൃത്തിയുടെ ചുമതല ഏൽപ്പിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടില്ല.

iii. കയ്യാലി പൂവുള്ളതിൽ-കല്ലുകൊത്തിയ പറമ്പത്ത് റോഡിന്റെ സംരക്ഷണ കാലാവധി

കഴിയുന്നതിനുമുൻപ് റോഡിൽ ഉണ്ടായിട്ടുള്ള അപാകതകൾ കരാറുകാരനെക്കൊണ്ട് പരിഹരിച്ചു. വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ തത്കാലം സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടതില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിമാർക്സ് എഴുതി.

iv. കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ ഗുരുദേവ സ്മാരകം-കിഴക്കുവയൽ റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് ശ്രീ പി.വി ആനന്ദൻ കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിട്ടുള്ളത്.

**6.** മേൽസാഹചര്യത്തിൽ, കണ്ണൂർ ചൊക്ലി, കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് പരിധിയിലെ റോഡുകളിലും വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെയും വിജിലൻസ് ശിപാർശയുടെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എൻജിനീയർ ശ്രീ. ആനന്ദൻ പി.വി.(PEN-669754 DoR-31.05.2026)-ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിൽ ടിയാളെ കുറ്റവിമുക്തനാക്കി അച്ചടക്കനടപടി തീർപ്പാക്കാക്കി ഉത്തരവാകുന്നു. ഉത്തരവ് നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അടിയന്തരമായി കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ. ആനന്ദൻ പി.വി. (PEN-669754 ) , അസിസ്റ്റന്റ് എൻജിനീയർ **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്
5. വിജിലൻസ് (ഡി) വകുപ്പ് (13.05.2026-ലെ VIG-D2/320/2022-VIG പ്രകാരം)
6. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
7. സ്റ്റോക്ക് ഫയൽ (EWA2/14/2023-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Asha. R**
**Date: 29-05-2026 14:40:59**

സെക്ഷൻ ഓഫീസർ